SECOND TERM SUMMATIVE ASSESSMENT 2026-27

ANSWER KEY / SCORING INDICATORS

മലയാളം II – അടിസ്ഥാനപാഠാവലി

Std: X SET 1 **Score: 40**

For teachers **Time: 1½ Hours**

അധ്യാപകർക്ക്: ഇവ ഉത്തരസൂചകങ്ങളാണ്. ആശയം, ഉദാഹരണങ്ങൾ, ഭാഷ, ക്രമീകരണം എന്നിവ പരിഗണിച്ച് സ്കോർ നൽകുക. കുട്ടികളുടെ സ്വന്തം ഭാഷയിലുള്ള ഉചിതമായ ഉത്തരങ്ങൾ സ്വീകരിക്കുക.

1. B. മുറിപ്പാടുകൾ (1)

2. A. റാവുള (1)

3. C. വി.ടി. ഭട്ടതിരിപ്പാട് (1)

4. B. തൽപുരുഷസമാസം (1)

5. ആശങ്ക, ഭയം, പ്രതീക്ഷ; അനാഥനായ തനിക്ക് വിജയിച്ചാലേ ജീവിതത്തിൽ മുന്നേറാനാകൂ എന്ന ചിന്ത; ഫലം കണ്ടപ്പോൾ നക്ഷത്രചിഹ്നം (ഒന്നാം ക്ലാസ്) കണ്ടുള്ള അതിരില്ലാത്ത സന്തോഷം. (2)

6. (A) അവന്റെ ദുഃഖം മനസ്സിലാക്കി അടുത്തുചെന്ന് സമാശ്വസിപ്പിക്കുന്നു; പഠിക്കാൻ പ്രോത്സാഹിപ്പിക്കുന്നു; ഒരു പിതാവിനെപ്പോലെ സ്നേഹിക്കുന്നു; കോളേജ് പഠനച്ചെലവ് വഹിക്കാമെന്ന് വാക്കു നൽകുന്നു. (2)

(B) ഒരു പുഴയിൽ നിന്ന് മറ്റൊന്നിലേക്കു ചാടി സുരക്ഷിതത്വം തേടുന്ന ഏട്ടക്കൂരി, അതിജീവനത്തിനായി പോരാടുന്ന, പാർശ്വവൽക്കരിക്കപ്പെട്ട ഗോത്രജനതയുടെ പ്രതീകമാണ്; അവരുടെ പരിശ്രമവും പരാജയവും നിരാശയും അതിൽ തെളിയുന്നു. (2)

7. സൂചനകൾ: ഒരു ചെറിയ അണു വലിയ ഊർജം പുറത്തുവിടുന്നതുപോലെ ഈ നാടകം നമ്പൂതിരിസമുദായത്തിലെ ഉറച്ചുപോയ അനാചാരങ്ങളെ തകർത്തു; ഉറക്കത്തിലായിരുന്ന സമുദായത്തെ ഉണർത്തി; മാറ്റങ്ങൾ – അന്തർജനങ്ങൾ മറക്കുട ഉപേക്ഷിച്ച് പൊതുരംഗത്തേക്ക്, സ്ത്രീവിദ്യാഭ്യാസം, വിധവാവിവാഹം, വിവാഹപരിഷ്കരണം, ജാതിവിവേചനത്തിനെതിരായ ചിന്ത; 1929-ലെ അവതരണം; കലയുടെ സാമൂഹികശക്തി. (5)

8. സൂചനകൾ: ആന പ്രസവിക്കുന്നതും പക്ഷികളിൽ നിന്ന് ഓടിയൊളിക്കുന്ന മീനുകളും; ഓർക്കിഡും കൈതപ്പൂവും; കല്ലുരസി വെളുത്തും ചാരനിറമായും മാറിയ ഉരുളൻകല്ലുകൾ; പുല്ലിലെ മുയലുകൾ; നിറം മങ്ങുന്ന കുന്നുകൾ, വെട്ടിവിൽക്കുന്ന മരങ്ങൾ; ഏട്ടക്കൂരിയുടെ യാത്ര; പ്രകൃതിയുമായി ചേർന്ന ഗോത്രജീവിതവും അതിന്റെ നഷ്ടവും ചൂഷണവും; ഭാവാരോപണം; ഗോത്രഭാഷയുടെ തനിമ. (5)

9. സൂചനകൾ: കരുണയും സ്നേഹവുമുള്ള പുരോഹിതൻ; അനാഥനായ ജോസിന് പിതൃതുല്യൻ; കുട്ടികളുടെ മനസ്സറിയുന്നവൻ; പ്രോത്സാഹനം നൽകുന്ന അധ്യാപകനെപ്പോലെ; ജോസിന്റെ വിജയത്തിൽ സ്വന്തം മകന്റെ വിജയമെന്നപോലെ സന്തോഷിക്കുന്നു; ഉപരിപഠനത്തിന് സഹായം; 'ആനന്ദാശ്രുക്കൾ' രണ്ടുപേരുടെയും കണ്ണുകളിൽ; നിഗമനം. (5)

10. സൂചനകൾ: ചിത്രം വരയ്ക്കാനുള്ള കഴിവും ആഗ്രഹവും; ഉപ്പയുടെ എതിർപ്പ്, സ്വന്തം കഴിവിനെക്കുറിച്ചുള്ള അപകർഷതാബോധം; ദീർഘകാലത്തെ ഇടവേള; എങ്കിലും കഴിവിന് മങ്ങലേറ്റില്ല; ചിത്രപ്രദർശനത്തിലൂടെയുള്ള തിരിച്ചുവരവും ആത്മവിശ്വാസവും; സ്ത്രീയുടെ സർഗാത്മകതയ്ക്കുമേലുള്ള വിലക്കുകൾ; നിരീക്ഷണം. (5)

11. (A) സൂചനകൾ: വി.ടി.യുടെ നാടകം നമ്പൂതിരിസ്ത്രീകളുടെ ദുരവസ്ഥ അരങ്ങിലെത്തിച്ചു; പ്രേക്ഷകരെ ചിന്തിപ്പിച്ചു; സാമൂഹികമാറ്റങ്ങൾക്ക് വഴിതെളിച്ചു; പാട്ടബാക്കി പോലുള്ള നാടകങ്ങൾ, നവോത്ഥാനസാഹിത്യം എന്നിവയും ഉദാഹരണങ്ങൾ; കല ജനങ്ങളിലേക്ക് നേരിട്ടെത്തുന്ന മാധ്യമം; വിലയിരുത്തൽ. (5)

(B) സൂചനകൾ: ഗോത്രജനതയുടെ അനുഭവങ്ങൾ അവരുടെ തന്നെ ഭാഷയിൽ; ഭാഷാവൈവിധ്യത്തിന്റെ സംരക്ഷണം; അവഗണിക്കപ്പെട്ടവരുടെ ശബ്ദം; പ്രകൃതിയോടുള്ള സവിശേഷ സമീപനം; പുതിയ ബിംബങ്ങളും വാക്കുകളും; സമത്വബോധം; സുകുമാരൻ ചാലിഗദ്ധയുടെ 'കെത്തളു' ഉദാഹരണം. (5)

12. (A) പ്രസംഗം: അഭിസംബോധന; വിഷയാവതരണം; അനാഥനായ ജോസ് വിദ്യാഭ്യാസത്തിലൂടെ ജീവിതവിജയം നേടുന്നു; അന്തർജനങ്ങൾ അടുക്കളയിൽ നിന്ന് പുറത്തുവന്ന് വിദ്യ നേടിയത് സമൂഹത്തെ മാറ്റി; വിദ്യാഭ്യാസം സ്വാതന്ത്ര്യവും ആത്മവിശ്വാസവും നൽകുന്നു; ഇന്നത്തെ കാലത്തെ പ്രസക്തി; ഉപസംഹാരം, നന്ദി. (ആശയം 3, ഘടന 2, ഭാഷ 2) (7)

(B) കത്ത്: സ്ഥലം, തീയതി, സംബോധന; കോളേജിലെ അനുഭവങ്ങൾ; ഫാദറിന്റെ സ്നേഹത്തിനും സഹായത്തിനും നന്ദി; പഴയ ഓർമകൾ – പരീക്ഷാഫലം, ആനന്ദാശ്രുക്കൾ; ഭാവിസ്വപ്നങ്ങൾ; അനാഥാലയത്തിലെ കുട്ടികളോടുള്ള സ്നേഹം; സമാപനം, ഒപ്പ്. (ഉള്ളടക്കം 3, ഘടന 2, ഭാഷ 2) (7)

www.educationobserver.com